WNM

17127
28/10/16

**കേരള സർക്കാർ**

**സംഗ്രഹം**

പാർലമെന്ററികാര്യ വകുപ്പ് - 28.10.2016-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് - മന്ത്രിസഭാ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ (ബി) വകുപ്പ്**

സ.ഉ.(സാ.ധാ) നം. 47/2016/പാ.കാ.വ                തീയതി, തിരുവനന്തപുരം, 27.10.2016

---

പരാമർശം : 1)25.10.2016 -ലെ നിയമസഭാസെക്രട്ടറിയുടെ 4473/പി.എം.ബി.ആർ1/2016/നി.സെ.കത്ത്.
2).26.10.2016-ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

28.10.2016-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ താഴെ പറയും പ്രകാരം മന്ത്രിമാർ നിയമസഭയിൽ നിലപാട് സ്വീകരിക്കേണ്ടതാണ്:-

ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ

| ക്രമ നം | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രി | സ്വീകരിക്കേണ്ടനിലപാട് |
|---|---|---|---|---|
| 1 | ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | "മുൻ വർഷങ്ങളിലെ മഴക്കുറവ് മൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും, കടുത്ത കുടിവെള്ള ക്ഷാമവും, വൈദ്യുതിയുല്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവ് മൂലം കാർഷികോത്പ്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. വരും ദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. | റവന്യൂ വകുപ്പ് | അനുകൂലിക്കേണ്ട |
| 2 | പ്രൊഫ. കെ.യു. അരുണൻ | " 1965 മുതൽ സംസ്ഥാനത്ത് നിലവിൽ വന്ന സാർവ്വത്രിക റേഷൻ സമ്പ്രദായം ഭക്ഷ്യ വിളകളിൽ കടുത്ത അപര്യാപ്തത നേരിടുന്ന സംസ്ഥാനത്തെ ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ മിതമായ വിലയ്ക്ക് ഉറപ്പാക്കിയിരുന്നു. ലക്ഷ്യ ഗ്രൂപ്പുകൾക്ക് മാത്രം ഭക്ഷ്യധാന്യം ഉറപ്പ് നൽകുന്ന 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനം നടപ്പാക്കാൻ | ഭക്ഷ്യപൊതു വിതരണ വകുപ്പ് | അനുകൂലിക്കേണ്ട |

| | | | | |
|---|---|---|---|---|
| | | ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനം നടപ്പാക്കാൻ വൈകിയതിനാൽ കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യ വിഹിതം വെട്ടിക്കുറച്ചത് സംസ്ഥാനത്തെ റേഷൻ സംവിധാനത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. പ്രസ്തുത നിയമം നടപ്പാക്കുന്നതോടൊപ്പം സംസ്ഥാനത്തെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായ പ്രകാരം ആനുകൂല്യം ലഭിച്ചിരുന്നവർക്ക് അത് നഷ്ടപ്പെടില്ല എന്ന് കൂടി ഉറപ്പ് വരുത്താൻ ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു" | | |
| 3) | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | "ഇന്ത്യയിലെ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഏരിയ ഇന്റൻസീവ് പ്രോഗ്രാം (AIP) അനുസരിച്ച് 8 സംസ്ഥാനങ്ങളിൽ സ്കൂളുകൾ ആരംഭിച്ചു. മറ്റ് സംസ്ഥാനങ്ങൾ ഈ സ്കൂളുകളെ പൂർണ്ണമായും സർക്കാർ സ്കൂളുകളാക്കിയിട്ടും കേരളത്തിൽ മാത്രം ഇപ്പോഴും നിരവധി അദ്ധ്യാപകർക്ക് ശമ്പളമില്ലാത്ത അവസ്ഥയാണുള്ളത്. കേരള എഡ്യൂക്കേഷൻ റൂൾ (KER) അനുസരിച്ച് പ്രവർത്തിക്കുന്ന ഈ സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് അദ്ധ്യാപക തസ്തികകൾ അനുവദിക്കാമായിരുന്നിട്ടും വിദ്യാഭ്യാസ വകുപ്പ് ആ.തിന് നടപടി സ്വീകരിച്ചിട്ടില്ല. ഇതിന്റെ ഫലമായി 12 സ്കൂളുകൾ നടത്തിക്കൊണ്ട് പോകുവാൻ കഴിയാതെ ഇതിനകം പൂട്ടുകയും ചെയ്തു. ഈ സ്കൂളുകളുടെയും ഇവിടുത്തെ അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു." | വിദ്യാഭ്യാസ വകുപ്പ് | അനുകൂലിക്കേണ്ട |

2. പ്രമേയം സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട മന്ത്രിമാർക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി. ഒ. സൂരജ്**

സെക്രട്ടറി

**ബന്ധപ്പെട്ട വകുപ്പുകൾക്ക്**

(ഈ വകുപ്പിന്റെ **പി.എ.ഡി-ബി1/177/2016-പി.എ.ഡി** നം. കത്ത് /അനൗദ്യോഗികക്കുറിപ്പ് പ്രകാരം)

**പകർപ്പ്** :-ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിക്ക്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **പി.എ.ഡി-ബി1/177/2016-പി.എ.ഡി** |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ വകുപ്പ് - |
| 3 | വിഷയം | : | പാർലമെന്ററികാര്യ വകുപ്പ് - 28.10.2016 -ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിൽമേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 26.10.2016 |
| 5 | (I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : | ഉണ്ട് |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. റ്റി.എ. അൽഫോൻസ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : | ശ്രീ.ടി. ഒ. സൂരജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 25.10.2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ശ്രീ. എസ്.എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 25.10.2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ. എ. കെ. ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 25.10.2016 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 26.10.2016 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | 26/10/16 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും; | : | സ.ഉ(സാ.ധാ) നം.47/2016/പാ.കാ.വ. തീയതി 27.10.2016 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

28.10.2016-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 14-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ 28.10.2016 വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

### ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് |
|---|---|---|---|
| 1 | ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | "മുൻ വർഷങ്ങളിലെ മഴക്കുറവ് മൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും, കടുത്ത കുടിവെള്ള ക്ഷാമവും, വൈദ്യുതിയുല്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവ് മൂലം കാർഷികോത്പ്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. വരും ദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. | റവന്യൂ വകുപ്പ് |
| 2 | പ്രൊഫ. കെ.യു. അരുണൻ | " 1965 മുതൽ സംസ്ഥാനത്ത് നിലവിൽ വന്ന സാർവ്വത്രിക റേഷൻ സമ്പ്രദായം ഭക്ഷ്യ വിളകളിൽ കടുത്ത അപര്യാപ്തത നേരിടുന്ന സംസ്ഥാനത്തെ ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ മിതമായ വിലയ്ക്ക് ഉറപ്പാക്കിയിരുന്നു. ലക്ഷ്യ ഗ്രൂപ്പുകൾക്ക് മാത്രം | ഭക്ഷ്യവകുപ്പ് |

| | | | |
|---|---|---|---|
| | | ഭക്ഷ്യധാന്യം ഉറപ്പ് നൽകുന്ന 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനം നടപ്പാക്കാൻ വൈകിയതിനാൽ കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യ വിഹിതം വെട്ടിക്കുറച്ചത് സംസ്ഥാനത്തെ റേഷൻ സംവിധാനത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. പ്രസ്തുത നിയമം നടപ്പാക്കുന്നതോടൊപ്പം സംസ്ഥാനത്തെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായ പ്രകാരം ആനുകൂല്യം ലഭിച്ചിരുന്നവർക്ക് അത് നഷ്ടപ്പെടില്ല എന്ന് കൂടി ഉറപ്പ് വരുത്താൻ ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു" | |
| 3) | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | "ഇന്ത്യയിലെ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഏരിയ ഇന്റൻസീവ് പ്രോഗ്രാം (AIP) അനുസരിച്ച് 8 സംസ്ഥാനങ്ങളിൽ സ്കൂളുകൾ ആരംഭിച്ചു. മറ്റ് സംസ്ഥാനങ്ങൾ ഈ സ്കൂളുകളെ പൂർണ്ണമായും സർക്കാർ സ്കൂളുകളാക്കിയിട്ടും കേരളത്തിൽ മാത്രം ഇപ്പോഴും നിരവധി അദ്ധ്യാപകർക്ക് ശമ്പളമില്ലാത്ത അവസ്ഥയാണുള്ളത്. കേരള എഡ്യൂക്കേഷൻ റൂൾ (KER) അനുസരിച്ച് പ്രവർത്തിക്കുന്ന ഈ സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് അദ്ധ്യാപക തസ്തികകൾ അനുവദിക്കാമായിരുന്നിട്ടും വിദ്യാഭ്യാസ വകുപ്പ് ആ.തിന് നടപടി സ്വീകരിച്ചിട്ടില്ല. ഇതിന്റെ ഫലമായി 12 സ്കൂളുകൾ നടത്തിക്കൊണ്ട് പോകുവാൻ കഴിയാതെ ഇതിനകം പൂട്ടുകയും ചെയ്തു. ഈ സ്കൂളുകളുടെയും ഇവിടുത്തെ അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു." | വിദ്യാഭ്യാസ വകുപ്പ് |

3) പ്രസ്തുത പ്രമേയങ്ങൾ 28.10.2016-ന് നിയമസഭയിൽ ചർച്ചയ്ക്കായി വരുമ്പോൾ സർക്കാർ സ്വീകരിക്കേണ്ട നിലപാട് മുൻകൂർ തീരുമാനിക്കേണ്ടതുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

28.10.2016-ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന 1, 2 & 3 എന്നീ അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ സർക്കാർ എന്തു നിലപാട് സ്വീകരിക്കണം?

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 26-10-2016.**

ഫയൽ നം.പി.എ.ഡി.-ബി1/177/2016-പി.എ.ഡി. ഇനം നം: 406

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - 28.10.2016-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിൽമേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത്.

തീരുമാനം : അനൗദ്യോഗിക പ്രമേയങ്ങൾ അനുകൂലിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്